(ഡി) കേരഫെഡിന് നിലവിൽ 898 പ്രാഥമിക സഹകരണസംഘങ്ങൾ ഉണ്ടെങ്കിലും 22 സംഘങ്ങൾ മാത്രമേ കൊപ്ര സംഭരിച്ച് നൽകി വരുന്നുള്ളു. കൂടാതെ 27 അസ്സോസിയേറ്റ് അംഗങ്ങൾ കേരഫെഡിനുവേണ്ടി കൊപ്ര സംഭരിച്ചു വരുന്നുണ്ട്.

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം മേല്പറഞ്ഞ സംഘങ്ങൾ മുഖാന്തിരം 3460 മെട്രിക് ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്.

(എഫ്) അംഗസംഘങ്ങളിൽ നിന്നു സംസ്കരണാവശ്യത്തിനു വേണ്ടത്ര കൊപ്ര ലഭിക്കാത്തതിനാൽ ഓപ്പൺ മാർക്കറ്റിൽ നിന്നും ഇത്തരത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം 1738 ടൺ കൊപ്ര സംഭരിച്ചിട്ടുണ്ട്.

(ജി) ഇല്ല.

ഭരണിക്കാവ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് മാറ്റി സ്ഥാപിക്കാൻ നടപടി

101 (1896) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് ബ്ലോക്കിന്റെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് പ്രസ്തുത വികസന ബ്ലോക്കിന്റെ പരിധിക്ക് പുറത്ത് പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും ഇതുപോലെ അതാത് വികസന ബ്ലോക്കിന് പുറത്ത് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് സ്ഥിതി ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഭരണിക്കാവ് എ. ഡി. എ. ഓഫീസ് പ്രവർത്തന പരിധിക്ക് പുറത്തായതുമൂലം ഈ പ്രദേശത്തെ കർഷകർക്ക് ഈ ഓഫീസ് കൊണ്ട് യാതൊരു പ്രയോജനവും ഇല്ലാത്തതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഭരണിക്കാവ് എ. ഡി. എ. ഓഫീസ് ചാരുംമൂട് കേന്ദ്രമാക്കി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) ഭരണിക്കാവ് ബ്ലോക്കിലെ എ. ഡി. എ. ഓഫീസ് പ്രവർത്തന പരിധിക്ക് പുറത്തായതുമൂലം പ്രസ്തുത പ്രദേശത്തെ കർഷകർക്ക് ബുദ്ധിമുട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിനാൽ സർക്കാരിന്റെ 25-6-2003-ലെ സ. ഉ. (സാധാ) 860/03/കൃ.വ. ഉത്തരവ് പ്രകാരം മാവേലിക്കര, കായംകുളം, മുതുകുളം കൃഷി അസി. ഡയറക്ടർമാരുടെ അധികാര പരിധി പുനഃനിർണ്ണയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം ഭരണിക്കാവ് കൃഷിഭവൻ ഉൾപ്പെടുന്ന കായംകുളം കൃഷി അസി.ഡയറക്ടറുടെ ഓഫീസ് ചാരുംമൂട് കേന്ദ്രമായി പ്രവർത്തിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly